പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3153 — 10.05.2017 -ൽ മറുപടിക്ക്.

## കേന്ദ്ര വിഹിത ഭക്ഷ്യധാന്യം

ചോദ്യം

**ശ്രീ.കെ.ജെ. മാക്സി**

മറുപടി.

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ)** പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യ ധാന്യം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ;

**(എ)** ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്ക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ രണ്ടു ലക്ഷം മെട്രിക് ടൺ കുറവാണ്. 14.25 ലക്ഷം മെട്രിക് ടൺ ആണ് ഇപ്പോൾ ലഭിക്കുന്നത്.

**(ബി)** പ്രതിമാസം വിതരണത്തിന് ആവശ്യമുള്ള അരിയുടെയും കേന്ദ്ര വിഹിതമായി ലഭിക്കുന്ന അരിയുടെയും അളവ് വ്യക്തമാക്കുമോ;

**(ബി)** 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് അധിക വിഹിതമുൾപ്പടെ ലഭ്യമായിക്കൊണ്ടിരുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു.

**(അളവ് മെ.ടണ്ണിൽ)**

| | |
|---|---|
| നോർമൽ വിഹിതം | 83477 |
| അഡ്ഹോക്ക് (അധിക വിഹിതം) | 22540 |
| ആകെ | 106017 |

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം നിലവിൽ ലഭ്യമാകുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു.

**(അളവ് മെ.ടണ്ണിൽ)**

| | |
|---|---|
| മുൻഗണനാ വിഭാഗം | 68880.668 |
| ടൈഡ് ഓവർ വിഹിതം | 26835.124 |
| ആകെ | 95715.792 |

**(സി)** യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുവദിച്ച അരിയുടെ അളവ് എത്രയായിരുന്നുവെന്നും ആയത് കൃത്യമായി ലഭിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ ;

**(സി)** യു.പി.എ സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുവദിച്ചിരുന്ന അരിയുടെ പ്രതിമാസ അളവ് ചുവടെ ചേർക്കുന്നു. എന്നാൽ ആ കാലഘട്ടത്തിൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയിരുന്നില്ല.

**(അളവ് മെ.ടണ്ണിൽ)**

| | |
|---|---|
| നോർമൽ | 83477 |
| അഡ്ഹോക്ക് (അധിക വിഹിതം) | 22540 |
| ആകെ | 106017 |

| | | |
|---|---|---|
| (ഡി) | ഇപ്പോഴത്തെ കേന്ദ്ര സർക്കാർ ഇതിൽ എന്തെങ്കിലും പ്രത്യേക കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) 05/07/2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10/09/2013 ലെ 29- ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളാണ് ടി നിയമം നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. 2016 നവംബറി ലാണ് ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയത്. ടി നിയമ പ്രകാരം സംസ്ഥാനത്തിന് കണക്കാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം, അധിക വിഹിതം (അഡ്ഹോക്ക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവാണ്. |

(signature)

സെക്ഷൻ ഓഫീസർ